**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **13-02-2025 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡപകടങ്ങൾ കുറയ്ക്കാൻ ലക്ഷ്യമിട്ട് സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 726 ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിൽ 675 എണ്ണം നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്നതും 25 എണ്ണം പാർക്കിംഗ് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള ക്യാമറകളും, 4 എണ്ണം അമിത വേഗത കണ്ടെത്തുന്നതിനുള്ള ക്യാമറകളും, 4 എണ്ണം മൊബൈൽ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ളതും, 18 എണ്ണം ചുവന്ന ലൈറ്റ് കടന്നു പോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനുമുള്ള ക്യാമറകളാണ്. സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതിയുടെ ഭാഗമായി ഏറ്റവും ഒടുവിലായി ലഭിച്ച കണക്ക് പ്രകാരം 90,97,613 നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 592,20,63,001/- രൂപ പിഴ ചുമത്തിയിട്ടുമുണ്ട്. |
| (ബി) | നിയമ ലംഘനം കണ്ടെത്തി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | നിയമ ലംഘനം കണ്ടെത്തുന്നവർക്ക് എതിരെ ചെലാൻ തയ്യാറാക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു. ഇങ്ങനെ പിഴ അടക്കേണ്ടി വരുന്നവർക്ക് നിയമ ലംഘനം നടത്തിയതിനെ സംബന്ധിച്ച് അവബോധം ഉണ്ടാവുകയും ആയത് റോഡ് സുരക്ഷയ്ക്ക് മുതൽക്കൂട്ടാവുകയും ചെയ്യുന്നു. |
| (സി) | നിയമലംഘകർക്ക് പിഴ ചുമത്തിയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (സി) | ഏറ്റവും ഒടുവിലായി ലഭിച്ച കണക്ക് പ്രകാരം 90,97,613 നിയമ ലംഘനങ്ങൾ കണ്ടെത്തി ചലാൻ തയ്യാറാക്കി 592,20,63,001/- രൂപ പിഴ ചുമത്തി 152,27,51,251/-രൂപ പിഴ ഇനത്തിൽ സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനു ശേഷം അപകടമരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ടോ; ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനു ശേഷം അപകടമരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ട്. 2022 ൽ അപകട മരണം 4317 ആയിരുന്നു. 2023 ജൂൺ 5 മുതൽ നടപ്പാക്കിയ ടി പദ്ധതിക്ക് ശേഷം 2023 വർഷത്തിൽ അപകടമരണം 4080 ആയിരുന്നു. |

| | | | |
|---|---|---|---|
| | | | 2024 ൽ ഇത് 3774 ആയി കുറഞ്ഞിട്ടുണ്ട്. ടി കണക്കുകൾ പ്രകാരം ഹെൽമെറ്റ് ധരിക്കുക, സീറ്റ് ബെൽറ്റ് ധരിക്കുക എന്നിവയിൽ വാഹനമോടിക്കുന്നവർ കൂടുതൽ ശ്രദ്ധാലുക്കളായിട്ടുണ്ട്. ആയതിൻറെ ഫലമായാണ് ഗുരുതര പരിക്കുകളിൽ നിന്നും രക്ഷ നേടുകയും മരണം കുറയുകയും ചെയ്തിട്ടുള്ളതെന്ന് വിലയിരുത്തപ്പെടുന്നു. |

സെക്ഷൻ ഓഫീസർ